# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 947** **29/09/2016-ൽ മറുപടിയ്ക്ക്**

## തീരദേശനിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) തീരദേശ നിയന്ത്രണ നിയമത്തിലെ ചില വ്യവസ്ഥകൾ മൂലം തീരപ്രദേശത്തുള്ളവർക്ക് ഭവന നിർമ്മാണത്തിനും മറ്റ നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കാമോ? | എ) ഉണ്ട്. തീരദേശ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ ഫലമായി കേന്ദ്ര സർക്കാർ ഡോ. ഷൈലേഷ് നായക് സമിതിയെ കേരളത്തിന്റെ ആവശ്യങ്ങൾ പരിഹരിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത സമിതി 2014-ൽ കേരളത്തിൽ വരികയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. സമിതി റിപ്പോർട്ട് പൂർത്തിയാക്കി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി അതിൻമേൽ തീരുമാനമായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14/06/2016-ന് കേന്ദ്ര പരിസ്ഥിതി മന്ത്രിയെ നേരിൽ കണ്ട് തീരദേശനിയന്ത്രണ വിജ്ഞാപനത്തിൽ കേരളത്തിന്റെ മത്സ്യമേഖലയ്ക്ക് ഇളവുകൾ അനുവദിക്കുവാൻ ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്. 2011-ലെ തീരദേശനിയന്ത്രണ വിജ്ഞാപനം പ്രാബല്യത്തിൽ വന്ന് ഒരു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ തീരദേശമാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതായിരുന്നെങ്കിലും കേരളത്തിന്റെ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ -ന് ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല. കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ - ന് പുറമെ നമ്മുടെ തീരദേശത്തിന്റെ സവിശേഷതകളും CRZ നിയമം മൂലം . മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള |

തീരദേശജനത നേരിടുന്ന പ്രശ്നങ്ങളും അഭിസംബോധന ചെയ്യുന്നതിന് ഓരോ തീരപ്രദേശത്തിനും അനുയോജ്യമായ ഒരു സമഗ്ര തീരദേശമാനേജ്മെന്റ് പ്ലാൻ (Integrated Coastal Zone Management Plan) കൂടി തയ്യാറാക്കി കേന്ദ്ര അനുമതി തേടേണ്ടതുണ്ടെന്നും അതിൽ സംസ്ഥാനത്തിന് ആവശ്യമായ ഇളവുകൾ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കാനാകുമെന്നും കേന്ദ്ര പരിസ്ഥിതി മന്ത്രി ചർച്ചാവേളയിൽ അറിയിക്കുകയുണ്ടായി. സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് മുൻസർക്കാരിന്റെ കാലത്ത് ഒരു സൊസൈറ്റി രൂപീകരിച്ചെങ്കിലും മറ്റ് യാതൊരുവിധ നടപടികളും പ്ലാൻ തയ്യാറാക്കുന്നതിന് സ്വീകരിച്ചിട്ടില്ലായെന്ന് മനസ്സിലാക്കി, കേരളത്തിന്റെ തീരപ്രദേശത്തിന്റെ സൂക്ഷ്മതല സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ടും മത്സ്യത്തൊഴിലാളികളും മറ്റ് തീരദേശജന വിഭാഗങ്ങളും നേരിടുന്ന പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്ന തരത്തിൽ സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ ആവിഷ്കരിക്കുന്നതിന് ഒരു സമീപനരേഖ തയ്യാറാക്കുവാൻ ഫിഷറീസ് വകുപ്പ് മുൻകൈയ്യെടുത്ത് ഒരു ദേശീയ ശില്പശാല 10/08/2016, 11/08/2016 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. ടി ശില്പശാലയുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമീപന രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. .

Abdeen

സെക്ഷൻ ആഫീസർ